# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8147 — 17.07.2014 - ൽ മറുപടിയ്ക്ക്

## ഇരിണാവ് ആയുർവേദ ആശുപത്രി വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി. രാജേഷ് | | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ ഇരിണാവ് ആയുർവേദ ആശുപത്രിയിൽ ഇപ്പോൾ എത്ര തസ്തികകളാണ് നിലവിലുള്ളത് ;എത്ര ഒഴിവുകൾ നിലവിലുണ്ട്; കിടത്തി ചികിത്സ ആരംഭിച്ച പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | ഇരിണാവ് ആയുർവേദ ആശുപത്രിയിൽ നിലവിലുള്ള 10 തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയ ടി ആശുപത്രിയിൽ 9 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനുള്ള ശുപാർശ ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ? | (ബി) | നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനും അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും ആവശ്യമായ എസ്റ്റിമേറ്റ് അയച്ചുതരുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ